ഭരണഭാഷ – മാതൃഭാഷ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്,

തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്,

കവടിയാർ പി.ഒ തിരുവനന്തപുരം – 695003

ഫോൺ : 0471-2321280

ഇ-മെയിൽ : crbdkerala@gmail.com

വെബ്സൈറ്റ്: lsgd.kerala.gov.in

No.LSGD/PD/14261/2023-CR1 തീയതി: 27-04-2026

**സർക്കുലർ**

വിഷയം: ത.സ്വ.ഭ.വ - ജനനമരണ രജിസ്ട്രേഷൻ - 01. 04. 1970 ന മുൻപുള്ള ജനന/മരണ/വിവാഹ രജിസ്ട്രേഷൻ ഡാറ്റകളുടെ ഡിജിറ്റൈ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതു - സംബ:

സൂചന :

1. സർക്കുലർ നം. 10021/ഐബി1/2012/തസ്വഭവ തീയതി 04.05.2012
2. തദ്ദേശ സ്വയംഭരണ (ഇജി) വകുപ്പിന്റെ 05.02.2026 തീയതിയിലെ G.O. (Ms)No.45/2026/LSGD നമ്പർ ഉത്തരവ്.

സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 01.04.1970 ന് ശേഷമുള്ള ജനന മരണ വിവാഹ രജിസ്ട്രേഷനുകളുടെ ഡിജിറ്റൈസേഷൻ സൂചന (1) സർക്കുലറിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയിരുന്നു. തുടർന്ന് പ്രസ്തുത കാലയളവിനു മുമ്പുള്ള രജിസ്ട്രേഷൻ രേഖകളുടെ ഡിജിറ്റൈസേഷൻ നടത്തുന്നതിനുള്ള സൌകര്യം സോഫ്റ്റ് വെയറിൽ ലഭ്യമാക്കുകയും പല രജിസ്ട്രേഷൻ യൂണിറ്റുകളിലെയും ഡാറ്റ ഡിജിറ്റൈസ് ചെയ്ത് വെബ് പോർട്ടലിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലെയും മുൻകാല രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടില്ലെന്നു ശ്രദ്ധയിൽപ്പെട്ടതിനാൽ ലഭ്യമായ എല്ലാ രേഖകളുടെയും ഡാറ്റാ എൻട്രി നടത്തി കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിന് സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.. ആയതിന്റെ അടിസ്ഥാനത്തിൽ

സംസ്ഥാനത്തെ എല്ലാ രജിസ്ട്രേഷൻ യൂണിറ്റുകളിലും നിലവിലുള്ള, 01.04.1970 ന മുമ്പുള്ളവ ഉൾപ്പടെയുള്ള മുഴുവൻ ജനന മരണ വിവാഹ രജിസ്ട്രേഷൻ രേഖകളുടെയും ഡിജിറ്റൈസേഷൻ 2026 ജൂലൈ 31 ന മുമ്പായി പൂർത്തിയാക്കുന്നതിന് നിർദ്ദേശിക്കുന്നു. ഇതിലേക്കായി സൂചന (2) സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ തുക അനുവദിക്കേണ്ടതും ജില്ലാ രജിസ്ട്രാർമാർ അതാതു ജില്ലയിലെ പ്രവർത്തന പുരോഗതി വിലയിരുത്തി നിശ്ചിത സമയപരിധിക്കകം നടപടികൾ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

എല്ലാ ജനന മരണ വിവാഹ രജിസ്ട്രാർമാരും ജില്ലാ രജിസ്ട്രാർമാരും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**Signed by Lisha Mohan M**
**Date: 27-04-2026 15:25:58**
LISHA MOHAN M

CHIEF REGISTRAR

പകർപ്പ്

1. എല്ലാ ജില്ലാ ജനന മരണ രജിസ്ട്രാർമാർക്കും
2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കും/ജനന മരണ രജിസ്ട്രാർമാർക്കും
3. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരളാ മിഷൻ
4. കരുതൽ ഫയൽ/അധികം.